# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2730 09/05/2017-ൽ മറുപടിയ്ക്ക്

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ കണക്കുപരിശോധന

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ. മോൻസ് ജോസഫ്<br>ശ്രീ. സി.എഫ്. തോമസ്<br>ഡോ.എൻ.ജയരാജ് | | ശ്രീ. കെ.ടി ജലീൽ<br>ബഹു: തദ്ദേശസ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി |
| എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കണക്കുകളിൽ പത്തുശതമാനം മാത്രം വരവു ചെലവ് കണക്ക് പരിശോധനയ്ക്ക് വിധേയമാക്കിയാൽ മതിയെന്ന് നിഷ്കർഷിക്കുന്ന ഉത്തരവ് സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ പുറത്തിറക്കിയതായുള്ള വാർത്തകളുടെ നിജസ്ഥിതി എന്താണ്; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; | എ) | കേന്ദ്ര സർക്കാരിൽ നിന്നും 2016-17 വർഷത്തെ പെർഫോർമൻസ് ഗ്രാന്റ് ലഭിക്കുന്നതിന് 2013-14, 2014-15 വർഷത്തെ ഓഡിറ്റ് യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തീകരിച്ചു. സമയബന്ധിതമായി 2015-16 വർഷത്തെ ഓഡിറ്റ് പൂർത്തിയാക്കുന്നതിനുവേണ്ടി ഓഡിറ്റ് നിലവാരം നിഷ്കർഷിക്കുന്നതിന്റെ ഭാഗമായി സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ 07/10/2016-ന് 11/2016 നമ്പർ സർക്കുലർ പുറപ്പെടുവിച്ചു (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു). |
| ബി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സംസ്ഥാന- കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെ പ്രതിവർഷം ഏകദേശം എത്ര തുകയാണ് കൈകാര്യം ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ; | ബി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സംസ്ഥാന-കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെ കഴിഞ്ഞ സാമ്പത്തിക വർഷം ഏകദേശം 19095 കോടി രൂപ കൈകാര്യം ചെയ്തിട്ടുണ്ട്. |
| സി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ കണക്കുകളുടെ പരിശോധനയുമായി ബന്ധപ്പെട്ട | സി) | ഉണ്ട്; സ്റ്റേറ്റ് ഓഡിറ്റ് വകുപ്പിന്റെ 07/10/2016 -ലെ സർക്കുലർ നമ്പർ 11/2016 തദ്ദേശ സ്വയംഭരണ |

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാ...

| | | | |
|---|---|---|---|
| | കാര്യത്തിൽ ഇപ്രകാരം ഒരു തീരുമാനം സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നുണ്ടാകാൻ ഇടയാക്കിയ സാഹചര്യത്തെ കുറിച്ച് തദ്ദേശസ്വയം ഭരണ വകുപ്പ് ആരാഞ്ഞിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | | വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് പ്രസ്തുത വിവരം ടി വകുപ്പിന്റെ ഭരണ വകുപ്പായ ധനകാര്യ വകുപ്പിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയും തുടർന്ന് ധനകാര്യ അഡി. ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 01/12/2016 -ൽ ധനകാര്യ സ്പെഷ്യൽ സെക്രട്ടറി, സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് ഡയറക്ടർ എന്നിവർ പങ്കെടുത്ത മീറ്റിംഗിലെ തീരുമാന പ്രകാരം, സ്റ്റേറ്റ് ഓഡിറ്റ് വകുപ്പിന്റെ പരാമർശിത സർക്കുലറിലെ അപാകത പരിഹരിച്ചും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വരവ്-ചെലവ് കണക്കുകളുടെ വിശദവും പൂർണ്ണവുമായ ഓഡിറ്റ് നടത്തണമെന്നും നിർദ്ദേശിച്ചും 30/12/2016 -ൽ ഒരു ഭേദഗതി സർക്കുലർ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്(പകർപ്പ് ഉള്ളടക്കം ചെയ്യുന്നു). |

**സെക്ഷൻ ഓഫീസർ**